Draft #5 of File 1388/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Aug-2019 03:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 1388/AD A1/3/AD A 1/AD A 1 തീയതി: 29.08.2019

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപുള്ള അംഗീകൃത മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് യഥാസമയം അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയാതിരുന്ന ജീവനക്കാർക്ക് പ്രസ്തുത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കുലർ നം. 3417/AD AI/3/AD AI/AD AI തീയതി 16.02.2019.

-------

പഞ്ചായത്ത്/മുനിസിപ്പൽ കോമൺ സർവീസ്, എയ്ഡഡ് സ്കൂൾ, എയ്ഡഡ് കോളേജ്, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും സർക്കാർ സർവീസിലേക്കും, തിരിച്ചും ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ മുൻകാലസേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് 'Pro-rata pension contribution' ആവശ്യമില്ലെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്.

സർവ്വകലാശാല സർവ്വീസിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന നിരവധി ജീവനക്കാർ ഇപ്രകാരം മറ്റ് വകുപ്പുകളിൽ മുൻകാല സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്. കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 22(c) പ്രകാരം, മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിനുള്ള അപേക്ഷ സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് അപേക്ഷകൾ പരിഗണിക്കുമ്പോൾ, കേരള സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം 5 വർഷത്തിനുള്ളിൽ സമർപ്പിക്കപ്പെട്ടവയാണെന്ന് ബന്ധപ്പെട്ട വകുപ്പ് ഉറപ്പാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 22.01.2019-ൽ കൂടിയ സർവ്വകലാശാല സിൻഡിക്കേറ്റ് ടി വിഷയവുമായി ബന്ധപ്പെട്ട് സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ, മറ്റ് വകുപ്പുകളിലെ അംഗീകൃത മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ, ബന്ധപ്പെട്ട ജീവനക്കാർ കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 22(c) പ്രകാരം, സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും നിശ്ചിത കാലയളവിനുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്നും കാണിച്ചുകൊണ്ട് മേൽ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, കേരള സർവ്വീസ് റൂൾസ്, ഭാഗം 1, റൂൾ 22(c)-യിലെ വ്യവസ്ഥകൾ അറിയാത്തതുമൂലം, മേൽ പരാമർശിച്ച പ്രകാരം, അംഗീകൃത മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് ആവശ്യമായ അപേക്ഷ യഥാസമയം നൽകുവാൻ കഴിയാത്ത ജീവനക്കാർക്ക് ഒരവസാന അവസരമെന്ന നിലയിൽ, തങ്ങളുടെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ, 2019 ഒക്ടോബർ 31 വരെ നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഒപ്പ്

**പ്രേംകുമാർ ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/അക്കാദമികം/പരീക്ഷാവിഭാഗം/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ റെക്കോർഡ്സ്
6. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Draft #5 of File 1388/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Aug-2019 03:06 PM - Page 2